REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 03-10-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **വികസന നയങ്ങൾ രൂപീകരിക്കുമ്പോൾ, യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **കോഴിക്കോട്ടെ അവയവ മാറ്റിവെക്കൽ ഇൻസ്റ്റിറ്റ്യൂട്ട് രണ്ട് വർഷത്തിനകം പൂർത്തീകരിക്കുമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ.**
- **സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രചാരണ പരിപാടി 'സമഗ്ര'യ്ക്ക് പാലക്കാട്ട് തുടക്കം.**
- **തൃശ്ശൂരിൽ സംസ്ഥാന സ്കൂൾ കായികമേളയിലെ നീന്തൽ മത്സര വേദിയുടെ മേൽക്കൂര തകർന്ന സംഭവത്തിൽ ബാലാവകാശ കമ്മീഷൻ കേസെടുത്തു.**
- **ജപ്പാൻ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് 18-ാം സ്വർണം.**

## വാർത്തകൾ വിശദമായി

സാമ്പത്തിക-സാമൂഹിക വികസനത്തിന് നയങ്ങൾ രൂപീകരിക്കുമ്പോൾ, നയരൂപകർത്താക്കൾ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. ന്യൂഡൽഹിയിൽ അഞ്ചാമത് 'കൗടില്യ ഇക്കണോമിക് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടാനും അവ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നതുമായിരിക്കണം നയങ്ങളെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

'മാറ്റങ്ങളുടെ യുഗത്തിലെ പ്രതിരോധശേഷി' എന്നതാണ് മൂന്ന് ദിവസത്തെ കോൺക്ലേവിന്റെ പ്രമേയം. 80 വിദേശ പ്രതിനിധികൾ, നയരൂപീകരണ

വിദഗ്ധർ സാമ്പത്തിക ശാസ്ത്രജ്ഞർ ഉൾപ്പെടെ 180-ലേറെ പ്രമുഖർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കോഴിക്കോട്ടെ അവയവ മാറ്റിവെക്കൽ ഇൻസ്റ്റിറ്റ്യൂട്ട് രണ്ട് വർഷത്തിനകം പൂർത്തീകരിക്കുമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ അറിയിച്ചു. കേരള ഹാർട്ട് കെയർ സൊസൈറ്റി സിൽവർ ജൂബിലി ആഘോഷം കോഴിക്കോട്ട് ജൂബിലി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റം ഉണ്ടാകണമെന്നും കേരളത്തെ ഹെൽത്ത് ഡെസ്റ്റിനേഷനാക്കി മാറ്റണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. കോവിഡിന് ശേഷം സംസ്ഥാനത്ത് മരണനിരക്ക് കൂടുന്നത് ഗൗരവമായി കാണണമെന്നും ഇതിന്റെ കാരണങ്ങൾ കണ്ടെത്തണമെന്നും വിഡി സതീശൻ പറഞ്ഞു. മലയാളിയുടെ ജീവിത രീതിയിൽ മാറ്റം വരുത്തണമെന്നും വ്യായാമത്തിന്റെ കുറവ് പരിഹരിക്കണമെന്നും പറഞ്ഞ മുഖ്യമന്ത്രി ചേവായൂരിൽ ചർമരോഗാശുപത്രി നിർമ്മിക്കുമെന്നും അറിയിച്ചു.

✪✪✪

സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വികസന പദ്ധതികളുടെ പ്രചാരണ പരിപാടിയായ 'സമഗ്രയുടെ രണ്ടാം പതിപ്പ് പാലക്കാട് പറളിയിൽ മന്ത്രി KA തുളസി ഉദ്ഘാടനം ചെയ്തു. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 100 ദിന കർമ്മ പരിപാടിയുടെ സമാപനവും മന്ത്രി ഉദ്ഘാടനം ചെയ്തു. പിന്നാക്ക മത ന്യൂനപക്ഷങ്ങളുടെ സമഗ്രമായ പുരോഗതിയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രയ്ക്ക് രൂപം നൽകിയത്.

✪✪✪

നൂറുദിന കർമ പരിപാടിയുടെ ഭാഗമായി പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന 'പഞ്ചമിഗ്രാമം' പദ്ധതി മന്ത്രി KA തുളസി ഉച്ചയ്ക്ക് പ്രഖ്യാപിക്കും. പാലക്കാട് കോങ്ങാട് മുനിക്കുന്ന് ഊരിലാണ് സംസ്ഥാന തല ചടങ്ങ്. 15-ൽ താഴെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന ഊരുകളിലാണ് പദ്ധതി നടപ്പാക്കുക.

✪✪✪

തൃശ്ശൂരിൽ സംസ്ഥാന സ്കൂൾ കായികമേളയിലെ നീന്തൽ മത്സര വേദിയുടെ മേൽക്കൂര തകർന്ന് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പരിക്കേറ്റ സംഭവത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കേസ്.

തികഞ്ഞ അനാസ്ഥയാണ് സംഘാടകരുടെ ഭാഗത്തുനിന്ന് ഉണ്ടായതെന്ന് നിരീക്ഷിച്ച കമ്മീഷൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവരോട് വിശദീകരണം തേടി.

✪✪✪

സംസ്ഥാന സ്കൂൾ ഗെയിംസിൽ നീന്തൽ മത്സരത്തിനിടെ മേൽക്കൂര തകർന്ന സംഭവം അന്വേഷിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്റ്ററോട് മന്ത്രി N ഷംസുദീൻ നിർദേശിച്ചു.

സ്കൂൾ ഗെയിംസിലെ വീഴ്ചയിൽ കായിക വകുപ്പിന് പങ്കില്ലെന്ന് മന്ത്രി OJ ജെനീഷ് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മന്ത്രി OJ ജെനീഷ്, സത്യപ്രതിജ്ഞാ ലംഘനം നടത്തിയെന്നാരോപിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർക്ക് BJP പരാതി നൽകി. കേന്ദ്ര മന്ത്രി അമിത്ഷായെ കരിങ്കൊടി കാണിച്ച സംഭവത്തിലെ ക്രിമിനൽ ഗൂഢാലോചനയിൽ മന്ത്രിക്കും പങ്കുണ്ടെന്നും നടപടി എടുക്കണമെന്നുമാണ് നിവേദനത്തിൽ ആവശ്യപ്പെട്ടതെന്ന് മുതിർന്ന പാർട്ടി നേതാവ് PK കൃഷ്ണദാസ് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രാജ്യമൊന്നാകെ തെറ്റുകാരനാണെന്ന് കരുതുന്ന മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറെ സംരക്ഷിക്കുന്ന BJP നൽകിയ പരാതിയെ കാര്യമായെടുക്കുന്നില്ലെന്ന് മന്ത്രി OJ ജെനീഷ് പറഞ്ഞു. തട്ടിപ്പുകാരെ സംരക്ഷിക്കുന്ന അവർ പരാതി നൽകട്ടെയെന്നും മന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

UDF കൺവീനർ അടൂർ പ്രകാശിന്റെ അടക്കം പരാതികളെല്ലാം പരിഹരിക്കുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. UDF ഗവൺമെന്റ് സുസ്ഥിരമായി തന്നെ മുന്നോട്ടുപോകുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ കാര്യങ്ങളും ഇപ്പോൾ സ്പോൺസർഷിപ്പിലൂടെയാണ് തീരുമാനിക്കുന്നതെന്ന് CPIM സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ആരോപിച്ചു.

UDF സംവിധാനം അലങ്കോലമായെന്നും BJPക്കും RSS-നുമനുകൂലമായ തീരുമാനങ്ങളാണ് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്നും അദ്ദേഹം പാലക്കാട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

CPIM വിപുലീകൃത മലപ്പുറം ജില്ലാ കമ്മിറ്റി യോഗത്തിന് പൊന്നാനിയിൽ തുടക്കമായി. പാർട്ടി പൊളിറ്റ് ബ്യൂറോ അംഗവും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ യോഗം ഉദ്ഘാടനം ചെയ്തു.

✪✪✪

ഹോർമുസ് കടലിടുക്കിൽ ചരക്കു കപ്പലിന് നേരെയുണ്ടായ മിസൈലാക്രമണത്തെ തുടർന്ന് അഞ്ച് ഇന്ത്യക്കാരെ സുരക്ഷിതമായി കരയിലെത്തിച്ചതായി ഇന്ത്യൻ എംബസി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കുവൈറ്റ് പതാകയേന്തിയ MT കാസിമാ തേർഡ് എന്ന കപ്പലിന് നേരെയാണ് ആക്രമണമുണ്ടായത്.

✪✪✪

സൗദി അറേബ്യയിലെ തായിഫ്-റാനിയ റോഡിൽ ഇന്നലെയുണ്ടായ വാഹനാപകടത്തിൽ രണ്ട് മലയാളി നഴ്സുമാർ ഉൾപ്പെടെ അഞ്ചുപേർ മരിച്ചു. കോട്ടയം സ്വദേശിനികളായ ജെയ്സി മോൾ മാത്യു, ജോബിന ജോണി എന്നിവരാണ് മരിച്ച മലയാളികൾ. മറ്റ് രണ്ട് പേർ തമിഴ്നാട് സ്വദേശികളും ഒരാൾ സൗദി പൗരനായ ഡ്രൈവറുമാണെന്നാണ് റിപ്പോർട്ടുകൾ.

റാനിയയിൽനിന്ന് 40 കിലോമീറ്റർ അകലെ ഇവർ സഞ്ചരിച്ച വാഹനം നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.

✪✪✪

ജപ്പാനിൽ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് 18-ാം സ്വർണം. വനിതാ ഗോൾഫിൽ പ്രണവി ഊർസ് ആണ് സ്വർണം നേടിയത്. ഏഷ്യൻ ഗെയിംസ് ഗോൾഫിൽ സ്വർണ്ണം നേടുന്ന ആദ്യ ഇന്ത്യൻ വനിതാ താരമായി പ്രണവി ഊർസ്.

അമ്പെയ്ത്ത് പുരുഷന്മാരുടെ വ്യക്തിഗത റിക്കർവ് വിഭാഗത്തിൽ ഇന്ത്യയുടെ തന്നെ ധീരജ് ബൊമ്മദേവരയെ പരാജയപ്പെടുത്തി നീരജ് ചൗഹാൻ വെങ്കല മെഡൽ നേടി.

നേരത്തെ അമ്പെയ്ത്തിൽ വ്യക്തിഗത റിക്കർവ് ഇനത്തിൽ, ഇന്ത്യയുടെ കുംകും മോഹോദ് സ്വർണം നേടിയിരുന്നു.

ഗെയിംസിൽ ഇന്ത്യാ - പാക് T-20 ക്രിക്കറ്റ് ഫൈനലിൽ പാകിസ്ഥാന് 212 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 211 റൺസെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ പാകിസ്ഥാൻ 8 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 52 റൺസ് എടുത്തിട്ടുണ്ട്.

പുരുഷ വിഭാഗം ഹോക്കി ഫൈനലിൽ ഇന്ത്യ ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് മലേഷ്യയെ നേരിടും. പാകിസ്ഥാനെ മൂന്നിനെതിരെ നാല് ഗോളുകൾക്ക് തോൽപ്പിച്ചാണ് ഇന്ത്യ കലാശപ്പോരാട്ടത്തിന് യോഗ്യത നേടിയത്.

18 സ്വർണ്ണവും 26 വെള്ളിയും 36 വെങ്കലവും ഉൾപ്പടെ 80 മെഡലുകളുമായി മെഡൽ പട്ടികയിൽ ഇന്ത്യ അഞ്ചാം സ്ഥാനത്താണ്. ഗെയിംസ് നാളെ സമാപിക്കും. സമാപനത്തിൽ നീരു ദണ്ഡ ഇന്ത്യൻ പതാകയേന്തും.

✪✪✪

ഏഷ്യൻ ഗെയിംസിൽ വെള്ളിമെഡൽ നേടിയ ലോങ്ജംപ് താരം എം. ശ്രീശങ്കറിനെ മന്ത്രി KA തുളസി വീട്ടിലെത്തി അഭിനന്ദിച്ചു. പാലക്കാട് യാക്കരയിലെ വസതിയിലെത്തിയ മന്ത്രി അദ്ദേഹത്തിന് മൊമെന്റോ നൽകുകയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

✪✪✪

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് മൂന്ന് മത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ച കഴിഞ്ഞ് ന്യൂ ചണ്ഡിഗഡിൽ. ആദ്യ രണ്ട് മത്സരങ്ങൾ വിജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കിയിരുന്നു.

✪✪✪

ബ്രസീലും ഇന്ത്യയും തമ്മിൽ അന്താരാഷ്ട്ര സൗഹൃദ ഫുട്ബോൾ മത്സരം ഇന്ന് വൈകിട്ട് കൊൽക്കത്തയിൽ. സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലെ മത്സരത്തെ ഏറെ ആവേശത്തോടെയാണ് ഫുട്ബോൾ ആരാധകർ ഉറ്റുനോക്കുന്നത്. ഫിഫ റാങ്കിംഗിൽ ബ്രസീൽ അഞ്ചാം സ്ഥാനത്തും ഇന്ത്യ 138-ാം സ്ഥാനത്തുമാണ്. പ്രശസ്ത ഇറ്റാലിയൻ പരിശീലകൻ കാർലോ അഞ്ചലോട്ടിയുടെ നേതൃത്വത്തിൽ വിനീഷ്യസ് ജൂനിയർ, എൻഡ്രിക്, ക്യാപ്റ്റൻ മാർക്വിഞ്ഞോസ് തുടങ്ങിയ പ്രമുഖ താരങ്ങളാണ് ബ്രസീൽ ടീമിൽ അണിനിരക്കുന്നത്. ലോകോത്തര ടീമിനെതിരെ വെറുമൊരു മത്സരത്തിനപ്പുറം മികച്ച പോരാട്ടം കാഴ്ചവെക്കാനാണ് ഇന്ത്യ ശ്രമിക്കുന്നതെന്ന് ക്യാപ്റ്റൻ ഗുർപ്രീത് സിംഗ് സന്ധു പറഞ്ഞു. ബ്രസീൽ ടീമിനെതിരായ മത്സരം ചരിത്രപരമാണെന്നുംനിലവാരമേറിയ ടീമിനെതിരെ കളിക്കുന്നത് ഇന്ത്യൻ ഫുട്ബോളിന്റെ വളർച്ചയ്ക്ക് സഹായകരമാകുമെന്നും അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ പ്രസിഡന്റ് കല്യാൺ ചൗബേ അഭിപ്രായപ്പെട്ടു.

✪✪✪

സംസ്ഥാന ജൂനിയർ അത്‌ലറ്റിക്മീറ്റ് മത്സരങ്ങൾ കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ ആരംഭിച്ചു. അണ്ടർ 23 ചാമ്പ്യൻഷിപ്പ് മത്സരങ്ങളാണ് ഇന്ന്. 10,000 മീറ്റർ ഓട്ടമത്സരത്തോടെ രാവിലെ മീറ്റിന് തുടക്കമായി. 28 ഇനങ്ങളുടെ ഫൈനൽ മത്സരങ്ങളാണ് ഇന്ന്. മീറ്റ് കൊല്ലം കോർപ്പറേഷൻ മേയർ A.K. ഹഫീസ് ഉദ്ഘാടനം ചെയ്തു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ നാളെ തിരുവനന്തപുരം കൊമ്പൻസ് FC-യും കണ്ണൂർ വാരിയേഴ്സ് FC-യും ഏറ്റുമുട്ടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സംസ്ഥാന ടെക്നിക്കൽ സ്കൂൾ ശാസ്ത്രമേളയ്ക്ക് പാലക്കാട്, ഷൊർണൂരിൽ തുടക്കമായി. സംസ്ഥാനത്തെ 39 ടെക്നിക്കൽ സ്കൂളുകളിൽ നിന്നും IHRD-യുടെ 9 ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും 700 ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. ശാസ്ത്രമേള വൈകീട്ട് മന്ത്രി റോജി.എം.ജോൺ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ ശ്രീകണ്ഠപുരത്ത് CPIM - കോൺഗ്രസ് പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടായതിനെ തുടർന്ന് UDF പ്രഖ്യാപിച്ച പകൽ ഹർത്താൽ തുടരുന്നു. വൈകിട്ട് ആറു വരെയാണ് ഹർത്താൽ. കട കമ്പോളങ്ങൾ അടഞ്ഞുകിടക്കുകയാണ്.

✪✪✪

കണ്ണൂർ ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി ആൻഡ് റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ മൂന്നാമത് കണ്ണൂർ ലിറ്റററി ഫെസ്റ്റ് അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

രാവിലെ അടൂർ ഗോപാലകൃഷ്ണനും നോവലിസ്റ്റ് CV ബാലകൃഷ്ണനും തമ്മിൽ 'മുഖാമുഖവുമുണ്ടായി. ഫെസ്റ്റ് നാളെ സമാപിക്കും. സമാപന സമ്മേളനം വൈകിട്ട് മന്ത്രി പി.സി. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പാലക്കാട് ജില്ലാ സമ്മേളനം രമേഷ് പിഷാരടി MLA ഉദ്ഘാടനം ചെയ്തു. 200 ഓളം അംഗങ്ങളും അവരുടെ സഹായികളും സമ്മേളനത്തിൽ പങ്കെടുത്തു

✪✪✪

അഖില ഭാരതീയ വിശ്വകർമ്മ മഹാസഭ മാഹി ശാഖ സംഘടിപ്പിച്ച മാതൃശക്തി പരിപാടി ഷാഫി പറമ്പിൽ MP ഉദ്ഘാടനം ചെയ്തു. അമ്മമാരുടെ ശക്തിയാണ് നമ്മുടെ ഊർജ്ജമെന്നും  വിശ്വകർമ്മജർക്ക്  കുലതൊഴിൽ നെഞ്ചോട് ചേർത്ത് അഭിമാനത്തോടെ ചെയ്യാൻ പ്രേരണ നൽകിയത് അമ്മമാരാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത്  ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി  ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

സ്വർണ്ണവില പവന് 800 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 9,400 രൂപയായി. 13,675 രൂപയാണ് ഗ്രാമിന്.

✪✪✪

രാജ്യാന്തര ജല സസ്യ സമ്മേളനം കോഴിക്കോട്ടെ മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ ആരംഭിച്ചു.  ദേശീയ - സംസ്ഥാന ജൈവ വൈവിദ്ധ്യ അതോറിറ്റി, സംസ്ഥാന സയൻസ് കൗൺസിൽ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് സമ്മേളനം. നാളെ സമാപിക്കും.

✪✪✪

*News Editor & News Reader  :  വി കെ സുരേഷ്*
*News Team: എവി ഫർദിസ്, നിമിഷ ജി, മണികണ്ഠൻ*
*DEO : സി കെ സുബോധ്*